പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1343. 04.12.2014 ൽ മറുപടിക്ക്

## വിവിധയിനം സബ്സിഡിയിന്മേലുള്ള കുടിശ്ശികകൾ

**ചോദ്യം**

ശ്രീ പി.കെ. ഗുരുദാസൻ:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

ഭക്ഷ്യ സബ്സിഡി, മാർക്കറ്റ് ഇന്റർ വെൻഷൻ സബ്സിഡി, റേഷൻ സബ്സിഡി, സപ്ലൈകോയ്ക്ക് കൊടുത്തുതീർക്കേണ്ട സബ്സിഡി എന്നിവയിലുള്ള കുടിശ്ശിക ബാധ്യത സർക്കാരിന്റെ കണക്കുപ്രകാരം എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ?

റേഷൻ സബ്സിഡി ഇനത്തിൽ സപ്ലൈകോയ്ക്ക് നിലവിൽ കുടിശ്ശിക യില്ല. 2014-15 സാമ്പത്തിക വർഷം മാർക്കറ്റ് ഇന്റർവെൻഷൻ പ്രകാരം സബ് സിഡി നിരക്കിൽ സാധനം വിതരണം ചെയ്ത വകയിൽ സപ്ലൈകോയ്ക്ക് സെപ്തംബർ വരെ 179.35 കോടി രൂപ ചെലവായിട്ടുണ്ട്. ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 65 കോടി രൂപ ഇതുവരെ നല്കിയിട്ടുണ്ട്. മാർക്കറ്റ് ഇന്റർവെൻഷൻ സബ്സിഡിനിരക്കിൽ സാധനം വിതരണം ചെയ്ത വകയിൽ സപ്ലൈകോയ്ക്ക് 2008-09 മുതൽ ചെലവായ തുകയിൽ നിന്നും സർക്കാർ ധനസഹായംകഴിച്ചു ബാക്കിയുള്ള തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | വിപണി ഇടപെടലിന് അധികമായി ചെലവായ തുക (കോടിയിൽ) |
|---|---|
| 2008-09 | 31.22 |
| 2009-10 | 123.33 |
| 2010-11 | 42.50 |
| 2011-12 | 46.61 |
| 2012-13 | 153.55 |
| 2013-14 | 201.94 |
| 2014-15 | 114.35 |
| ആകെ | 713.50 |

വിവിധ പദ്ധതികൾ നടപ്പിലാക്കുകവഴി സപ്ലൈകോയ്ക്ക് ഒരു വർഷം ഉണ്ടാകാവുന്ന അറ്റനഷ്ടമായിരിക്കും സർക്കാർ നല്കാനുള്ള കുടിശ്ശിക. ഇതു 2010-11 ൽ 5.41 കോടി രൂപയും, 2011-12 വർഷം 39.22 കോടി രൂപയുമായിരുന്നു. ഇതിനുശേഷമുള്ള കാലയളവിൽ ആഡിറ്റ് പൂർത്തിയാക്കിയിട്ടില്ല.

Beena

സെക്ഷൻ ഓഫീസർ